## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3300** **15-02-2024 - ൽ മറുപടിയ്ക്ക്**

## കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് (സ്പെഷ്യൽ ബിൽഡിംഗ്സ്) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി യുടെ പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് 3 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പാങ്ങാപ്പാറ ഐ.എഫ്. എച്ച്. സി പുതിയ കെട്ടിട നിർമ്മാണത്തിന് 06/10/2020-ൽ G.O(Rt)No. 925/2020/PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിനുവേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് തിരുവനന്തപുരം കോർപ്പറേഷൻ Landscaping പ്രവൃത്തികൾ നടത്തിയതിനെ തുടർന്ന് ഈ കോമ്പൗണ്ടിൽ തന്നെയുള്ള പഴയ ഒരു കെട്ടിടവും Extend ചെയ്യു ഒരു Temporary Structure - ഉം പൊളിച്ചുകൊണ്ട്. ടി പ്രവൃത്തിയുടെ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനമായി. ആയതിനെ തുടർന്ന് 24/09/2021-ൽ ഈ ഭരണാനുമതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുതന്നെ Soil Investigation - ന് വേണ്ട എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതുപ്രകാരം 01/06/2022-ന് Soil Investigation പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 11/03/2022-ൽ ആർക്കിടെക്ചറൽ ഡ്രായിംഗ് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച Structural Design - ൽ Pile Foundation- നാണ് നിർദ്ദേശിച്ചിരുന്നത്. Foundation നു വേണ്ടി കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ ബഹുമാനപ്പെട്ട എം. എൽ.എ യും ഹോസ്പിറ്റൽ അതോറിറ്റിയുമായി 29/05/2023-ൽ ചേർന്ന യോഗത്തിൽ കൂടുതൽ ഫണ്ട് ലഭ്യമാകുവാൻ സാധ്യതയില്ലാത്തതിനാൽ ടി കെട്ടിടം രണ്ട് നില ആക്കുന്നതിനും തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ചറൽ ഡ്രായിംഗ് റിവൈസ് ചെയ്തു 21/08/2023-ന് ലഭ്യമാകുകയും സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് വരുകയാണ്.സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ആക്കുളം എൻ.സി.സി ആസ്ഥാനത്തിന്റെ | (ബി) | കോവിഡ് മൂലമുണ്ടായ പ്രതിസന്ധി പ്രവൃത്തിയുടെ |

| | | | |
|---|---|---|---|
| | നിർമ്മാണം 3 വർഷം കഴിഞ്ഞിട്ടും അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കാമോ; | | പുരോഗതിയ്ക്ക് തടസ്സമായിരുന്നു. മേൽ പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതി മനസ്സിലാക്കി ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ സൈറ്റ് സന്ദർശിച്ച് കരാറുകാരന് കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. |
| (സി) | ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ ഡി.പി.ആർ സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; | (സി) | ശ്രീകാര്യം മിനി സിവൽ സ്റ്റേഷന്റെ ഡി.പി.ആർ മായി ബന്ധപ്പെട്ട്, 24/02/2023 - ൽ ബഹുമാനപ്പെട്ട എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറുമായി ചേർന്ന യോഗത്തിൽ ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 2019-20 - ൽ 20 % ബജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തി റവന്യൂ വിഭാഗത്തിന് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിക്കുവാൻ തീരുമാനിച്ചുവെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. 10/04/2023-ൽ ടി പ്രവൃത്തിയ്ക്കായി Rough Cost Estimate സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. 23/02/2023 - ൽ തിരുവനന്തപുരം തഹസിൽദാർ ടി പ്രവൃത്തിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ഒരു കോടി എട്ടു ലക്ഷം രൂപ വേണ്ടി വരുമെന്നറിയിച്ചു. മൂന്ന് നിലകളോട്ടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് KMDR 2019 ഉം CPWD PAR 2019- ഉം പ്രകാരം 12.96 കോടി രൂപയും തഹസിൽദാർ നിർദ്ദേശിച്ച ഭൂമി വിലയായ 1.08 കോടി രൂപയും ചേർന്നുള്ള തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 25/04/2023 ൽ ജില്ല കളക്ടറിനോട് No. EESBL/269/2022-D5-PWD - ൽ കത്ത് പ്രകാരം സ്പെഷ്യൽ ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ സംബന്ധിച്ച തീരുമാനം ഇതുവരെയും അന്തിമമായി എടുത്തിട്ടില്ല എന്നും. പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനും ഏതൊക്കെ ഓഫീസുകളാണ് ടി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച വിഷയവും നിലവിൽ പരിശോധിച്ച് വരുന്നതായും, ആയത് പൂർത്തീകരിച്ചതിന് ശേഷം പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനും ഭരണാനുമതിയ്ക്കുമായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | മണ്ണന്തല എൻ.സി.സി ആസ്ഥാനത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുംമെന്ന് വിശദമാക്കാമോ? | (ഡി) | മണ്ണന്തല എൻ.സി.സി ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാർ പ്രകാരം 30/12/2024 വരെയാണ്. പ്രവൃത്തി പുരോഗതിയിലാണ്. പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ